# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.4704 26.10.2016-ലെ മറുപടിയ്ക്ക്

### കോട്ടക്കൽ നഗരസഭയിലെ കുടിവെള്ള ക്ഷാമം

| ചോദ്യം | | മറുപടി | |
|---|---|---|---|
| | പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ : | | മാത്യു. ടി. തോമസ് (ജലവിഭവ വകുപ്പ് മന്ത്രി) |
| എ | കോട്ടക്കൽ നഗരസഭയിലെ 1, 2, 3, 4, 6, 27, 28, 29, 30, 32 എന്നീ വാർഡുകളിലെ കുടിവെള്ള ക്ഷാമം പരിഹരിക്കണമെന്നത് സംബന്ധിച്ച നിവേദനം ജലവിഭവ വകുപ്പിൽ നിലവിലുണ്ടോ; ഉണ്ടെങ്കിൽ ബന്ധപ്പെട്ട ഫയലിന്റെ അവസ്ഥ എന്തെന്ന് വ്യക്തമാക്കുമോ; | എ | കോട്ടയ്ക്കൽ നഗരസഭയ്ക്കും സമീപ പഞ്ചായത്തുകൾക്കും വേണ്ടി കുടിവെള്ളം വിതരണം ചെയ്യുന്ന പറപ്പൂരിലെ കുടിവെള്ള പദ്ധതി പുനരുജ്ജീവിപ്പിക്കണമെന്ന് ആവശ്യപ്പെട്ടുള്ള ഒരു നിവേദനം കേരള ജലഅതോറിറ്റിയിൽ നിലവിലുണ്ട്. ഇതനുസരിച്ച് 10 കോടി രൂപയുടെ ഒരു റഫ് കോസ്റ്റ് എസ്റ്റിമേറ്റ് തയ്യാറാക്കി കോട്ടക്കൽ മുൻസിപ്പാലിറ്റിയ്ക്ക് കേരള ജല അതോറിറ്റി സമർപ്പിച്ചിട്ടുണ്ട്. |
| ബി | കടലുണ്ടിപ്പുഴയിൽ ക്ലമൻകല്ല് ഭാഗത്ത് തടയണ കെട്ടി വെള്ളം സംഭരിച്ച് വിതരണം ചെയ്യുവാൻ നടപടി സ്വീകരിക്കുമോ; | ബി | ക്ലമൻകല്ല് ഭാഗത്ത് തടയണ കെട്ടി വെള്ളം സംഭരിക്കുന്നതിനെ കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നത് കേരള ജല അതോറിറ്റിയുടെ പരിഗണനയിലാണ്. |
| സി | ജലവിതരണം നടത്തുന്ന സ്ഥലത്ത് നിലവാരമുള്ള ജനറേറ്റർ സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ; | സി | പമ്പിംഗ് സ്റ്റേഷനുകളുടെ പ്രവർത്തനത്തിനായി ജനറേറ്റർ സ്ഥാപിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |
| ഡി | കേരള വാട്ടർ അതോറിറ്റിയുടെ നേതൃത്വത്തിൽ കോട്ടക്കൽ നഗരസഭയിലെ കുടിവെള്ള ക്ഷാമത്തിന് പരിഹാരം ഉണ്ടാക്കുവാൻ നടപടി സ്വീകരിക്കുമോ? | ഡി | കോട്ടക്കൽ നഗരസഭയ്ക്കു വേണ്ടി കുടിവെള്ള പദ്ധതി തയ്യാറാക്കുന്നത് കേരള ജല അതോറിറ്റിയുടെ പരിഗണനയിലാണ്. |

Renuka San Kar
സെക്ഷൻ ഓഫീസർ